വർഷത്തിൽ ആദ്യത്തെ ഗഡുവായ 15½ ലക്ഷം രൂപ അനുവദിച്ചുകഴിഞ്ഞു. രണ്ടാമത്തെ ഗഡുവായ 15½ ലക്ഷം രൂപ അനുവദിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമേ സ്പെഷ്യൽഗ്രാൻറായി 12-9-1985-ൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന് 15 ലക്ഷം രൂപയും കൊച്ചിൻ ദേവസ്വം ബോർഡിന് 7 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

7-11-1985-ൽ കൊച്ചിൻ ദേവസ്വംബോർഡിന് 1974-75 മുതൽ 1984-85 വരെ കുടിശ്ശിക 1,05,805,47 രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ ഈ സാമ്പത്തിക വർഷത്തിൽ തിരുവിതാംകൂർ കൊച്ചി ദേവസ്വം ബോർഡുകൾക്ക് യഥാക്രമം 13 ലക്ഷവും 7-ലക്ഷവും രൂപ വീതം സ്പെഷ്യൽ ഗ്രാൻറായി അനുവദിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ ശ്രീ. പത്മനാഭസ്വാമി ക്ഷേത്രത്തിന് രണ്ടുലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

പുരാതനക്ഷേത്രങ്ങൾ പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതി

491. [606] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തു ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) പുരാതനക്ഷേത്രങ്ങൾ പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതി പ്രകാരം സംസ്ഥാനത്ത് ഇതുവരെ എത്ര ക്ഷേത്രങ്ങൾക്ക് എത്ര സംഖ്യവീതം സഹായം നൽകി.

(ബി) ഇനി എത്ര ക്ഷേത്രങ്ങൾക്ക് എത്ര സംഖ്യവീതം സഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ട് ?

ഉത്തരം

(എ) ക്ഷേത്രങ്ങളുടെ എണ്ണം 1067. കൊടുത്ത തുകയുടെ കണക്ക് ശേഖരിച്ചുവരുന്നു.

(ബി) നിലവിലുള്ള കോസ്സുകളിൽ ഇനി 703 ക്ഷേത്രങ്ങൾക്ക് ആനുവിറ്റിഫിക്സ് ചെയ്യുവാൻ ബാക്കിയുണ്ട്. ആനുവിറ്റി ഫിക്സ് ചെയ്തുകഴിഞ്ഞാൽ മാത്രമേ എത്ര തുക നൽകാൻ കഴിയുമെന്നുപറയാൻ സാധിക്കുകയുള്ളൂ.

II ശ്രദ്ധക്ഷണിക്കൽ

(1) റേഷനരിയുടെ വിലവർദ്ധന

ശ്രീമതി ഗൗരിഭായി തങ്കപ്പൻ : സർ, റേഷൻ അരിയുടെ വില വർദ്ധിപ്പിച്ചതുമൂലം ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളിലേയ്ക്ക് സർക്കാരിന്റെ ശ്രദ്ധക്ഷണിക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1986 സെപ്റ്റംബർ 30 വരെ റേഷൻ അരിയുടെ വില 6 പ്രാവശ്യം വർദ്ധിപ്പിക്കുകയുണ്ടായി. 1-10-1982-ൽ 13 പൈസ വച്ച് വർദ്ധിപ്പിച്ചു. 13-6-1983 മുതൽ 10 പൈസവച്ച് വർദ്ധിപ്പിച്ചു. 16-1-1984 മുതൽ 21 പൈസ വച്ച് വർദ്ധിപ്പിച്ചു. 13-10-1985 മുതൽ 9 പൈസ വച്ച് വർദ്ധിപ്പിച്ചു. 2-2-1986 മുതൽ 14 പൈസയും 28-9-1986 മുതൽ 8 പൈസയും വച്ച് വർദ്ധിപ്പിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആറ് പ്രാവശ്യം ഈ നാലരവർഷങ്ങൾക്കുള്ളിൽ വിലവർദ്ധിപ്പിക്കുകയുണ്ടായി. 1980-ൽ ഒരു കിലോഗ്രാം അരിക്ക് 1 രൂപ 80 പൈസയായിരുന്നത് ഇന്ന് 2 രൂപ 85 പൈസയായി വർദ്ധിച്ചിട്ടുണ്ട്. 28-9-1986-ൽ ഒരു കിലോഗ്രാം റേഷൻ അരിക്ക് 8 പൈസ വച്ച് വർദ്ധിപ്പിച്ചപ്പോൾ, നമ്മുടെ സംസ്ഥാനത്ത്

LIBRARY ARCHIVES Kerala Legislative Assembly

റേഷനെ മാത്രം ആശ്രയിക്കുന്ന ലക്ഷക്കണക്കിന് ആളുകളെ കുത്തുപാള എടുപ്പിക്കുന്ന ഒരു നടപടിയാണ് ഈ സർക്കാർ സ്വീകരിച്ചത്. ഗോതമ്പിന്റെ വില ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 5 പ്രാവശ്യം വർദ്ധിപ്പിക്കുകയുണ്ടായി. റേഷൻ മണ്ണെണ്ണയുടെ വില 4 പ്രാവശ്യം വർദ്ധിപ്പിച്ചു, പഞ്ചസാരയുടെ വില 4 പ്രാവശ്യം വർദ്ധിപ്പിച്ചു. ഈ സർക്കാരിന്റെ സ്ഥിരമായ ജോലി റേഷൻ കടകളിൽകൂടി വിതരണം നടത്തുന്ന നിത്യോപയോഗസാധങ്ങളുടെ വില വർദ്ധിപ്പിക്കുകയെന്നുള്ള ഒന്ന് മാത്രമായിത്തീർന്നിരിക്കുന്നു. ഈ പാവപ്പെട്ട ആളുകളെ സംബന്ധിച്ചുള്ള എന്തെങ്കിലും വിവരം ഈ സർക്കാരിനുണ്ടോ? നമ്മുടെ ജനസമൂഹത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെ കഴിയുന്നവരാണ് 51 ശതമാനം എന്നാണ് ഈ ഗവൺമെന്റ് തന്നെ സമ്മതിക്കുന്നുണ്ട്. കർഷകത്തൊഴിലാളികൾക്ക് പണിയില്ല. പണിയുണ്ടായാൽ ന്യായമായ കൂലിയില്ല. അവർ അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളാണ്. പരമ്പരാഗത വ്യവസായമായ കശുവണ്ടി വ്യവസായ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ജോലിയില്ല. പരിമിതമായ ദിവസങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ഈ സർക്കാർ കാരണം ന്യായമായ കൂലി കിട്ടുന്നില്ല. അതുപോലെതന്നെ ക്ഷാമബത്ത കിട്ടുന്നില്ല.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

സർ, കൈത്തറി വ്യവസായ മേഖലയിലെ സ്ഥിതിയും ഇതുതന്നെയാണ്. അതിൽ സഹകരണസംഘങ്ങൾ ഒന്നും പ്രവർത്തിക്കുന്നില്ല. അത് ഈ ഗവൺമെൻറിന്റെ കുറ്റംകൊണ്ടുതന്നെയല്ലേ? അതുപോലെ കയർ വ്യവസായം. തൊണ്ട് എടുത്ത് ആ വ്യവസായ മേഖലയിൽ ജോലിചെയ്യുന്ന സഹകരണസംഘങ്ങൾക്ക് കൊടുക്കാത്തത് കാരണം സ്വകാര്യമേഖയിലേയ്ക്ക് ആ തൊഴിലാളികളെ എറിഞ്ഞുകൊടുക്കുകയാണ്. അവിടെയും മിനിമം കൂലിയില്ല; മറ്റ് ആനുകൂല്യങ്ങൾ ഒന്നുംതന്നെ നല്കുന്നില്ല. ഈ സമൂഹത്തിന്റെ ഏറ്റവും അടിത്തട്ടിൽ കഴിയുന്ന കർഷകത്തൊഴിലാളികൾ, കയർ തൊഴിലാളികൾ, കൈത്തറിത്തൊഴിലാളികൾ, അതുപോലെ മൽസ്യത്തൊഴിലാളികൾ, അങ്ങനെ പാവപ്പെട്ട ഒരു വലിയ ജനസമൂഹമുള്ള, പ്രത്യേകിച്ച് കൃഷ്യകാര്യത്തിൽ കമ്മിയുള്ള നമ്മുടെ സംസ്ഥാനത്തിൽ റേഷൻ അരിയുടെ വില ഇങ്ങനെ അടിക്കടി വർദ്ധിപ്പിക്കുന്നതുമൂലം ജനങ്ങളുടെ ജീവിതം ദുഃസ്സഹമായികൊണ്ടിരിക്കുകയാണ്. ഇതിന് എന്തെങ്കിലും ഒരു പരിഹാരമുണ്ടാക്കാൻ ഈ ഗവൺമെൻറ് ശ്രദ്ധിക്കുന്നില്ല. കേന്ദ്ര ഗവൺമെൻറ് വില വർദ്ധിപ്പിച്ചാൽ അതേ വിലതന്നെ ഈടാക്കുമെന്ന നിർബന്ധബുദ്ധിയോടുകൂടി ഈ സർക്കാർ മുന്നോട്ടു പോകുന്നു. ഈ നാട്ടിലെ പാവപ്പെട്ട ജനങ്ങൾ ഈ സർക്കാരിനെ അധികാരത്തിൽകൊണ്ടുവന്നത് കേന്ദ്ര സർക്കാർ റേഷൻ അരിയുടെ വില വർദ്ധിപ്പിക്കുമ്പോൾ അതനുസരിച്ച് ഓശാന പാടാൻ വേണ്ടിയായിരുന്നില്ല. ആ പാവപ്പെട്ട ആളുകൾ ഉദ്ദേശിച്ചത് കേന്ദ്ര സർക്കാർ വില വർദ്ധിപ്പിച്ചാൽ അത് വർദ്ധിപ്പിച്ചു കൊടുക്കാൻ സാധ്യമല്ലെന്നു പറയുന്ന ഒരു സർക്കാരിനെയാണ്. ഇത് പിൻവലിക്കാൻ വേണ്ടി കേന്ദ്ര ഗവൺമെൻറിൽ എന്തെങ്കിലും സമ്മർദ്ദം ചെലുത്താൻ ഈ സർക്കാർ തയ്യാറുണ്ടോ? ഈ പാവപ്പെട്ടആളുകളെ സംബന്ധിച്ചിടത്തോളം ഈ റേഷൻ വില വർദ്ധിപ്പിച്ചതുകാരണം പരസ്യമാർക്കറ്റിൽ അരിയുടെ വില എന്നു മാത്രം വർദ്ധിച്ചിരിക്കുന്നു. ഒരു കിലോഗ്രാം അരിയുടെ വില 5 രൂപ 60 പൈസവരെയായി വർദ്ധിച്ചിട്ടില്ലേ?

സർ, മാവേലി സ്റ്റോറുകൾ വഴി നിയന്ത്രിക്കുമെന്ന് പറയുന്ന വില ഇന്ന് എവിടെ നിയന്ത്രിക്കുന്നു? മാവേലി സ്റ്റോറുകളുടെ പ്രവർത്തനങ്ങളെസംബന്ധിച്ച് പത്രങ്ങളിൽ വാർത്തവന്നു; അഴിമതി നടക്കുന്നു,

LIBRARY ARCHIVES Kerala Legislative Assembly

പൂർത്ത് നടക്കുന്നുവെന്ന്. കോടിക്കണക്കിന് രൂപയല്ലേ സർ, അവിടെ ഭീമതി നടത്തിയിട്ടുള്ളത്. അവിടെ ന്യായവിലയ്ക്ക് സാധനങ്ങൾ ജനങ്ങൾക്ക് ലഭിക്കുന്നുണ്ടോ? അവർക്ക് എണ്ണ ലഭിക്കുന്നുണ്ടോ, അരി ലഭിക്കുന്നുണ്ടോ, ലഭിക്കുന്നു എന്ന് പറയുന്നുണ്ട്. എന്ത് സാധനങ്ങളാണ് നിങ്ങൾ ഇപ്പോൾ വിതരണം നടത്തുന്നത്. ഈപരസ്യ മാർക്കറ്റിൽ പച്ചക്കറിക്ക് വരെ നാലഞ്ചിരട്ടി വില വർദ്ധിച്ചിട്ടുണ്ട്. അരിയുടേയും, ഭക്ഷ്യധാന്യങ്ങളുടേയും, പലവ്യഞ്ജനങ്ങളുടേയും, എണ്ണയുടേയുമെല്ലാം അനിയന്ത്രിതമായ വില നിയന്ത്രിക്കാൻ ഈ ഗവൺമെൻറിന് യാതൊരു നടപടിയും സ്വീകരിക്കാൻ ഇന്നുവരെ കഴിഞ്ഞിട്ടില്ല. ഈ റേഷൻ അരിയുടെ വർദ്ധിപ്പിച്ച വില വെട്ടിക്കുറയ്ക്കണം. ഈ വർദ്ധിപ്പിച്ച വില വെട്ടിക്കുറയ്ക്കണം അല്ലെങ്കിൽ ഈ പിൻവലിച്ച് ഈ പാവപ്പെട്ട ജനങ്ങളെ രക്ഷിക്കണം. ഈ കാര്യമുഴുവൻ സബ്സിഡിയായി കേന്ദ്ര ഗവൺമെൻറ് കൊടുക്കുകയാണെന്ന് പറഞ്ഞു. ഈ സർക്കാരിന് വേറെ എന്തെങ്കിലും മാർഗ്ഗം കണ്ടെത്തിക്കൂടെ. വേണമെന്നുണ്ടെങ്കിൽ, നിങ്ങൾക്ക് നിർബന്ധമായിരുന്നുവെങ്കിൽ ഈ വർദ്ധിപ്പിച്ച വിലവെട്ടിക്കുറച്ച് അവരെ സഹായിക്കാമായിരുന്നു. അതുകൊണ്ട് ഈ പാവപ്പെട്ട ജനങ്ങളെ രക്ഷിക്കാൻവേണ്ടി ഈ വർദ്ധിപ്പിച്ച വില വെട്ടിക്കുറയ്ക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ) സർ, കേന്ദ്ര ഗവൺമെൻറ് തരുന്ന സാധനങ്ങളാണ് റേഷൻ ഷോപ്പുകൾ വഴി വിതരണം ചെയ്യുന്നത്. ഇവ റേഷൻ അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ തുടങ്ങിയ സാധനങ്ങളാണ്. ഈ സാധനങ്ങൾക്ക് വില നിശ്ചയിക്കുന്നത് കേന്ദ്ര ഗവൺമെൻറാണ്. അപ്പോൾ കേന്ദ്ര ഗവൺമെൻറ് ഇഷ്യൂപ്രൈസ് വർദ്ധിപ്പിക്കുമ്പോൾ അതിനനുസരിച്ച് ഇവിടെ വില വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്. അത് മാത്രമാണ് ചെയ്യുന്നത്. അതൊരു പുതിയ സംഗതിയൊന്നുമല്ല. 1973 മുതൽ 1986 വരെ 15 പ്രാവശ്യം വില വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ ഇഷ്യൂപ്രൈസ് വർദ്ധിപ്പിക്കുമ്പോഴാണ് അങ്ങനെ ചെയ്യുന്നത്. അതിബഹുമാനപ്പെട്ട ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻറെ കക്ഷി ഇവിടെ ഭരിച്ചിരുന്ന 21 മാസം, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് മുഖ്യമന്ത്രിയായിരുന്ന കാലഘട്ടത്തിലും ഉണ്ടായ സംഭവമാണ്. അന്ന് ആരും അതിനെപ്പറ്റി പറഞ്ഞിട്ടില്ല. അന്ന് മൂന്ന് പ്രാവശ്യം വില വർദ്ധിപ്പിച്ചു; 42 പൈസവരെ വർദ്ധിപ്പിച്ചു. അത് വളരെ ശരിയാണ്. ഞാൻ അതിനെ കുറ്റം പറയുകയല്ല. 1973 മുതൽ ഇതുവരെ ഭരിച്ചിട്ടുള്ള ഗവൺമെൻറുകളുടെ കാലത്തൊക്കെ, അതായത് ബഹുമാനപ്പെട്ട ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻറെ നേതാവ് ഭക്ഷ്യ വകുപ്പുമന്ത്രിയായിരുന്ന കാലഘട്ടത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് മുഖ്യമന്ത്രിയായിരുന്ന കാലത്തഘട്ടത്തിൽ 21 മാസത്തിനുള്ളിൽ 42 പൈസ വരെ റേഷൻ അരിയുടെ വില വർദ്ധിപ്പിച്ചു അവർക്ക് അന്ന് വർദ്ധിപ്പിക്കേണ്ടതായി വന്നത് കേന്ദ്രഗവൺമെൻറ് ഇഷ്യൂ പ്രൈസ് വർദ്ധിപ്പിച്ചതിൻറെ അടിസ്ഥാനത്തിലാണ്. ഈ ഇഷ്യൂ പ്രൈസ് വർദ്ധിപ്പിക്കാൻ കേന്ദ്ര ഗവൺമെൻറിനെ പ്രേരിപ്പിക്കുന്ന വസ്തുത കാർഷിക വില നിർണ്ണയ കമ്മീഷൻ ഉല്പാദകരുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് ഉല്പാദകർക്ക് നഷ്ടം വരാത്ത രീതിയിലുള്ള വില നിശ്ചയിക്കുന്നു. അങ്ങനെ വില നിശ്ചയിക്കുമ്പോൾ അതിന് അനുസരിച്ച് വർദ്ധനവുണ്ടാകും. 1985-86-ൽ ഖാരിഫ്വിളയ്ക്ക് ഒരു ക്വിൻറലിന് 142 ഉറുപ്പിക എന്നുള്ളത് കമ്മീഷൻറെ ശുപാർശയനുസരിച്ച് 1986-87-ൽ 146 ഉറുപ്പികയാക്കി വർദ്ധിപ്പിക്കേണ്ടിവന്നു. കാരണം ഉല്പാദകർക്ക് നഷ്ടം വരാതിരിക്കാൻ. അതിൻറെ അടിസ്ഥാനത്തിൽ ആണ് 8 പൈസ വർദ്ധിപ്പിച്ചിട്ടുള്ളത്. ഈ ഒക്ടോബർ മാസം മുതലാണ് വർദ്ധിപ്പിച്ചത്. അപ്പോൾ ഇത് പുതിയ ഒരു സംഗതി

LIBRARY ARCHIVES Kerala Legislative Assembly

യൊന്നുമല്ല. ഈ ഗവൺമെൻറിന്റെ കാലത്ത് മന്ത്രിമായി ഉണ്ടായ ഒരു സംഗതിയല്ല. മുമ്പുണ്ടായിരുന്ന ഗവൺമെൻറിന്റെ കാലത്ത് 21 മാസംകൊണ്ട് 42 പൈസ വർദ്ധിപ്പിച്ചു. അവർക്ക് വർദ്ധിപ്പിക്കേണ്ടിവന്നത് അവരുടെ ഇഷ്ടം കൊണ്ടല്ല; അവർ ആഗ്രഹിച്ചതുകൊണ്ടുമല്ല. അന്നും കേന്ദ്രം ഇതുപോലെ നിർദ്ദേശിച്ചു. കേന്ദ്ര ഗവൺമെൻറാണ് ഈ ഇഷ്യൂപ്രൈസ് വർദ്ധിപ്പിക്കുന്നത്. കേന്ദ്രം ഇഷ്യൂ പ്രൈസ് വർദ്ധിപ്പിക്കുമ്പോൾ ഇവിടെയും വർദ്ധിപ്പിക്കേണ്ടത് ആവശ്യമാണ്. അങ്ങനെ അവർ വർദ്ധിപ്പിച്ചു. ഈ ഗവൺമെൻറിന്റെ കാലത്തും 6 പ്രാവശ്യം വർദ്ധിപ്പിച്ചു. അതൊക്കെ കേന്ദ്ര ഗവൺമെൻറ് നിശ്ചയിക്കുന്നതനുസരിച്ചാണ്. അല്ലാതെ ഈ ഗവൺമെൻറ് ഇതൊന്നും വർദ്ധിപ്പിക്കുന്നില്ല. ഇവിടെ ഇപ്പോൾ കേന്ദ്ര ഗവൺമെൻറിന്റെ ഇഷ്യൂ പ്രൈസ് വർദ്ധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ റേഷൻ അരിയുടെ വില വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിലും വാസ്തവത്തിൽ അത് ഇവിടത്തെ പൊതു മാർക്കറ്റിൽ അരിയുടെ വിലനിലവാരത്തെ പ്രതികൂലമായി ബാധിച്ചിട്ടില്ല.

ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞത് വലിയ ആളുകൾ തിന്നുന്ന അരിയെ സംബന്ധിച്ചാണ്. ചമ്പാവരിയുടെ വിലയാണ് അവർ കാട്ടിച്ചെയ്തത്. സാധാരണക്കാർ ഉപയോഗിക്കുന്ന നാടൻ അരിയുടെ വിലയിൽ കുറവാണ് ഉണ്ടായിട്ടുള്ളത്. സെപ്റ്റംബർ മാസത്തിൽ 4 രൂപ 19 പൈസ ഉണ്ടായിരുന്നത് ഈ ഒക്ടോബർ മാസത്തിൽ 4 രൂപ 12 പൈസയായിട്ട് കുറഞ്ഞു. അതുപോലെ നാടൻ അരിയുടെ വില സെപ്റ്റംബർ മാസത്തിൽ നാലുരൂപ ഒരുപൈസ ആയിരുന്നത് നാലു രൂപയായിട്ട് കുറഞ്ഞു. ഒരു പൈസ അതിൽ കുറഞ്ഞു. അത് ഞാനിവിടെ പറയാൻ കാരണം, റേഷനരിയുടെ വില വർദ്ധനവ് ഇവിടത്തെ മാർക്കറ്റിനെ പ്രതികൂലമായി ബാധിച്ചിട്ടില്ല. പിന്നെ കേന്ദ്രഗവൺമെൻറിനെ ഈ കാര്യത്തിൽ കുറ്റം പറയുന്നതിൽ വല്ല അർത്ഥവും ഉണ്ടോ ? അതായത് കേന്ദ്രഗവൺമെൻറിന് അരിയുടെ വില വർദ്ധിപ്പിക്കേണ്ടി വരുന്നത്, ഇഷ്യൂ പ്രൈസ് വർദ്ധിക്കുന്നത് കാർഷിക വില നിർണ്ണായക കമ്മീഷന്റെ ശുപാർശയനുസരിച്ചും ഉല്പാദകരുടെ താല്പര്യത്തെക്കൂടി കണക്കിലെടുത്തിട്ടാണെന്നും ഞാൻ പറഞ്ഞു. നമ്മുടെ സംസ്ഥാനത്ത് ഒരു ലക്ഷം ടൺ റേഷനരി വിതരണം ചെയ്യുമ്പോൾ കേന്ദ്രഗവൺമെൻറിന് 15 കോടി രൂപയോളം സബ്സിഡിയിനത്തിൽ നഷ്ടം സഹിക്കുന്നുണ്ട്. അങ്ങനെ നഷ്ടം സഹിക്കുന്നതുകൊണ്ടാണ് ഇപ്പോഴും പൊതു മാർക്കറ്റിലെ അരിയുടെ വിലയും റേഷനരിയുടെ വിലയും തമ്മിൽ ഒന്നര രൂപയുടെ വ്യത്യാസമുള്ളത്. അതുകൊണ്ട് ഈ വിലവർദ്ധനവ് ഇവിടത്തെ പൊതു മാർക്കറ്റിലെ വിലനിലവാരത്തെ തീരെ ബാധിച്ചിട്ടില്ലെന്നുമാത്രമല്ല വില കുറഞ്ഞിരിക്കുന്നു. അതിനും പ്രധാനമായ കാരണം മുമ്പത്തേക്കാളും കൂടുതൽ അരി റേഷൻഷോപ്പുകളിലൂടെ കുറഞ്ഞവിലയ്ക്ക് നൽകാൻ ഈ ഗവൺമെൻറിന് സാധിച്ചു. ഉദാഹരണമായി 1980-ൽ പതിമാസം ശരാശരി 65,000 ടൺ അരി മാത്രമായിരുന്നു ഇവിടെ വിതരണം ചെയ്തിരുന്നത്. ആ സ്ഥാനത്ത് 1986-ൽ ശരാശരി ഒരുലക്ഷത്തി മുപ്പതിനായിരത്തിലധികം ടൺ അരി റേഷൻഷോപ്പുകളിലൂടെ കുറഞ്ഞവിലക്ക് വിതരണം ചെയ്യാൻ കഴിയുന്നുണ്ട്. അതിനുപുറമേ മാവേലി സ്റ്റോറുകളിലൂടെ 3 രൂപ 25 പൈസക്ക് കുറച്ച് അരി വിതരണം ചെയ്യാൻ സാധിക്കുന്നുണ്ട്. കേന്ദ്രഗവൺമെൻറ് ഇഷ്യൂ പ്രൈസ് വച്ചതുകൊണ്ട് ഉണ്ടായിട്ടുള്ള ഇവിടത്തെ വിലവർദ്ധനവ് ഇവിടത്തെ പൊതു മാർക്കറ്റിലെ അരിയുടെ വിലനിലവാരത്തെ ഒട്ടുംതന്നെ ബാധിച്ചിട്ടില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പ്രകടിപ്പിച്ചതുപോലെയുള്ള ആശങ്കയ്ക്ക് യാതൊരു അവകാശവുമില്ല. സാധാരണ ജനങ്ങളെ ഒരിക്കലും അത് പ്രതികൂലമായി ബാധിക്കുമെന്ന് ഗവൺമെൻറ് കരുതുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : സർ, ഇടതുപക്ഷത്തിന്റെ ഗവൺമെന്റിരി ക്കുമ്പോൾ ഒരു കിലോഗ്രാം അരിക്ക് 42 പൈസ വർദ്ധിപ്പിച്ചുവെന്നു പറഞ്ഞു. റേഷനരിയുടെ വില വർദ്ധിപ്പിച്ചപ്പോൾ ജനങ്ങളുടെമേൽ ഈ ഭാരം കെട്ടിവയ്ക്കാൻ സാദ്ധ്യമല്ലെന്ന് അന്നത്തെ ഗവൺമെന്റ് കേന്ദ്രഗവൺമെന്റി നോട് ആവശ്യപ്പെട്ടിരുന്നു. മാത്രമല്ല അതിന് സബ്സിഡി ആവശ്യപ്പെട്ടിരുന്നു. ഇപ്പോൾ ഈ ഗവൺമെന്റ് ഒരു കിലോഗ്രാം അരിക്ക് 66 പൈസ വർദ്ധിപ്പിച്ചു. ഇങ്ങനെ 66 പൈസയായിട്ട് വർദ്ധിപ്പിച്ചിട്ട് ഇത് സബ്സിഡിയായി തരണമെന്നോ അല്ലെങ്കിൽ പൊതുജനങ്ങളിൽനിന്ന് പിരിച്ചെടുക്കാൻ കഴിയുകയില്ലെന്നോ ഈ സർക്കാർ കേന്ദ്രഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ, ഇപ്പോൾ എന്തെങ്കിലും സഹായം കിട്ടുന്നുണ്ടോ ?

ശ്രീ. യു. എ. ബീരാൻ : സർ, അന്നത്തെ ഗവൺമെന്റ് സബ്സിഡി കൂട്ടിത്തരണമെന്ന് കേന്ദ്രത്തിന് എഴുതിയിട്ടുണ്ടോയെന്ന് എനിയ്ക്കറിയില്ല. പക്ഷേ ഈ ഗവൺമെന്റ് ഇവിടെ ഭരിച്ചുകൊണ്ടിരിക്കുമ്പോൾ റേഷൻ ഷോപ്പുകളിലൂടെ വിതരണം ചെയ്യുന്ന ഒരു ലക്ഷം ടൺ അരിക്ക് 15 കോടി രൂപയോളം സബ്സിഡിയായി കേന്ദ്രം സഹിക്കുന്നുണ്ട്. ഈ വിലവർദ്ധനവുകൊണ്ട് സബ്സിഡി ഇനത്തിൽ കുറച്ചു കുറവുവരും. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ .....

ശ്രീ. ഇ. കെ. നായനാർ : സർ, അതിന് രേഖ ഉണ്ടോ? എവിടെയാണ് പറഞ്ഞിട്ടുള്ളത് 15 കോടിരൂപ സബ്സിഡി ഉണ്ടെന്നുള്ളത്? അത് ഒരു പുതിയ കണക്കാണല്ലോ ?

ശ്രീ. യു. എ. ബീരാൻ : സർ, 15 കോടിരൂപ വർദ്ധിക്കുകയല്ല. ഒരുലക്ഷം ടൺ അരി റേഷൻഷോപ്പുകളിലൂടെ വിതരണം ചെയ്യുമ്പോൾ അതിന്റെ ആക്ച്വൽ വിലയും ഇഷ്യു പ്രൈസും തമ്മിലുള്ള ഡിഫറൻസ് കേന്ദ്രഗവൺമെന്റ് നികത്തുകയാണ്. അങ്ങനെ നികത്തിക്കൊണ്ട് ഇതുവരെയുണ്ടായിരുന്ന സബ്സിഡിയെന്നുള്ള നിലക്ക് 15 കോടിരൂപ കേന്ദ്രഗവൺമെന്റ് നഷ്ടം സഹിക്കുന്നുവെന്നാണ് ഞാൻ പറഞ്ഞത്. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ 66 പൈസ ഒന്നായിട്ട് ഗവൺമെന്റ് വർദ്ധിപ്പിച്ചിട്ടില്ല. ആറു പ്രാവശ്യമായി കേന്ദ്രഗവൺമെന്റ് ഇഷ്യു പ്രൈസ് വർദ്ധിപ്പിച്ചപ്പോൾ അതാത് കാലഘട്ടങ്ങളിൽ ആ നിർദ്ദേശമനുസരിച്ചേ വർദ്ധിപ്പിച്ചിട്ടുള്ളൂ. ഇപ്പോൾ വർദ്ധിപ്പിച്ചിട്ടുള്ളത് കേവലം 8 പൈസ മാത്രമാണ്.

(2) പെരിന്തൽമണ്ണയിലെ ജലക്ഷാമം

ശ്രീ. നാലകത്ത് സൂപ്പി : സർ, മലപ്പുറം ജില്ലയിലെ ഏറ്റവും കൂടുതൽ ജലക്ഷാമം അനുഭവപ്പെടുന്ന ഒരു പ്രദേശമാണ് പെരിന്തൽമണ്ണ ടൗണും പരിസരപ്രദേശങ്ങളും. ആ ഭാഗങ്ങളിൽ അനുഭവപ്പെടുന്ന ശുദ്ധജലക്ഷാമത്തെക്കുറിച്ച് ഇതിനുമുമ്പും ഇവിടെ ഞാൻ ഉന്നയിച്ചിരുന്നതാണ്. 1970-ൽ ആരംഭിച്ച കട്ടപ്പാറ പദ്ധതി മാത്രമാണ് ശുദ്ധജല വിതരണത്തിനായി ഇവിടെ ആശ്രയമായിട്ടുള്ളത്. അതുതന്നെ എത്രാണ്ട് രണ്ടോമൂന്നോ പഞ്ചായത്തുകളിൽ മാത്രമേ വിതരണം നടത്തുന്നുള്ളൂ. ആ പദ്ധതിയോടനുബന്ധിച്ചുള്ള പമ്പ്ഹൗസിൽ ഒരു മോട്ടർ കേടു വന്നിട്ട് വളരെക്കാലമായി. അത് നേരെയാക്കുന്നതിനോ റീപ്ലേയ്സ് ചെയ്യുന്നതിനോ ഉള്ള പ്രൊപ്പോസലിനെ ഇന്നേവരെ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റ് അംഗീകാരം നൽകിയിട്ടില്ലെന്നുള്ളതാണു സത്യം. അതുപോലെതന്നെ ഇവിടെനിന്ന് പമ്പ് ചെയ്യുന്ന വെള്ളം റിസർവോയറിൽ വളരെക്കാലമായി ഉപയോഗശൂന്യമായി കിടക്കു

LIBRARY ARCHIVES Kerala Legislative Assembly